മംഗളം

05 July 2017



■ സി.എം.എഫ്.ആർ.ഐയിൽ നടക്കുന്ന ദേശീയ ശിൽപശാലയിൽ നീതി ആയോഗ് ഉപദേശകൻ ഡോ. അശോക് ജെയിൻ സംസാരിക്കുന്നു

# സബ്സിഡികൾ ഗുണമോ ദോഷമോയെന്ന് പരിശോധിക്കണം: നീതി ആയോഗ് ഉപദേശകൻ

## ■ ദേശീയ ശിൽപശാല ഇന്നു സമാപിക്കും

**കൊച്ചി:** മത്സ്യമേഖലയിൽ നിലവിൽ നൽകിവരുന്ന സബ്സിഡികൾ ഫലപ്രദമാണോ എന്നത് പഠനവിധേയമാക്കണമെന്ന് നീതി ആയോഗ് ഉപദേശകൻ ഡോ. അശോക് ജെയിൻ.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) ആരംഭിച്ച ദേശീയ ശിൽപശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കടൽ സമ്പത്തിന്റെ സുസ്ഥിരമായ ഉപയോഗം ഉറപ്പുവരുത്തുന്നതിന് സബ്സിഡികളെ കുറിച്ച് പഠനം നടത്തേണ്ടത് ആവശ്യമാണ്.

സബ്സിഡികൾ നൽകുന്നത് അനധികൃത മത്സ്യബന്ധനരീതികൾ വർധിക്കാൻ കാരണമായിട്ടുണ്ടോ എന്ന് പരിശോധിക്കണം. അങ്ങനെയെങ്കിൽ അവ നിർത്തലാക്കണം. മത്സ്യമേഖലയ്ക്ക് ഗുണകരമാണെങ്കിൽ അവ നിലനിർത്തുകയും വേണമെന്ന് അദ്ദേഹം പറഞ്ഞു.

കടൽ സമ്പത്ത് സുസ്ഥിരമായി ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് ദേശീയതലത്തിൽ കർമ്മ പദ്ധതി രൂപപ്പെടുത്താൻ സംഘടിപ്പിച്ച ദ്വിദിന ശിൽപശാലയിൽ കേന്ദ്രമന്ത്രാലയങ്ങളിലെ ഉദ്യോഗസ്ഥർ, സമുദ്രശാസ്ത്രജ്ഞർ, പരിസ്ഥിതി വിദഗ്ധർ, വിവിധ സംസ്ഥാനങ്ങളിലെ ഫിഷറീസ്, വനം, പരിസ്ഥിതി, തീരദേശ പരിപാലനം, വ്യവസായം, സമുദ്രവികസനം തുടങ്ങിയ വകുപ്പുകളിലെ മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവരാണ് ശിൽപശാലയിൽ പങ്കെടുക്കുന്നത്.

സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ, വേൾഡ് വൈൽഡ് ലൈഫ് ഫണ്ട്-ഇന്ത്യ പ്രോഗ്രാം ഡയറക്ടർ സേജൽ വോറ, സിഫ്റ്റ് ഡയറക്ടർ ഡോ. സി.എൻ. രവിശങ്കർ, ഡോ. പ്രവീൺ പുത്ര തുടങ്ങിയവർ പ്രസംഗിച്ചു.

നീതി ആയോഗ്, വേൾഡ് വൈൽഡ് ലൈഫ് ഫണ്ട് എന്നിവയുമായി സഹകരിച്ചാണ് സി.എം.എഫ്.ആർ.ഐ. ശിൽപശാല നടത്തുന്നത്. ഇന്ന് സമാപിക്കും.